**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 738** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിനുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സജീവ് ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീ. വി. എസ്. ജോയി

ശ്രീ. കെ. പി. നൗഷാദ് അലി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** മനുഷ്യന്റെ ജീവനും സ്വത്തിനും വെല്ലുവിളി ഉയർത്തുന്ന വന്യജീവികളുടെ ആക്രമണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനും വനസംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, ജനപങ്കാളിത്തം, ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിത ഭരണം എന്നിവ ഏകോപിപ്പിക്കുന്നതിനുമായി വനം വകുപ്പ് "Vision 2031 - People First, Science Based, Human-Wildlife Co-existence model" -എന്ന സമഗ്ര ദീർഘകാല നയരേഖ തയ്യാറാക്കിയിട്ടുണ്ട്.

പ്രസ്തുത Vision 2031-ൽ മനുഷ്യ-വന്യജീവി സഹവർത്തിത്വം (SAFE Human-Wildlife Coexistence) ഒരു പ്രധാന പ്രമേയമായി ഉൾപ്പെടുത്തിയിട്ടുണ്ട് . Secure Habitats, Alert Communities, Fast Response, Equitable Relief (SAFE) എന്ന ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി ലഘൂകരിക്കുന്നതിനുള്ള സമഗ്ര പരിപാടികൾ വിഭാവനം ചെയ്തിട്ടുണ്ട്.

**(ബി)** വനങ്ങളിലെ ആവാസവ്യവസ്ഥ സംരക്ഷിച്ചും ജലലഭ്യത ഉറപ്പാക്കിയും സുരക്ഷാ സംവിധാനങ്ങൾ ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കിയും ജനവാസകേന്ദ്രങ്ങളിലേക്കുള്ള വന്യമൃഗങ്ങളുടെ വരവ് തടയുന്നതിന് ആസൂത്രിതവും സമഗ്രവുമായ നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** വന്യജീവികൾ ജനവാസമേഖലയിലേക്ക് കടന്നു വരുന്നതിന്റെ കാരണങ്ങൾ ശാസ്ത്രീയമായി പഠനവിധേയമാക്കി പരിഹാരമാർഗ്ഗങ്ങൾ നടപ്പാക്കാൻ നടപടി സ്വീകരിക്കും. വനങ്ങളുടെ വാഹകശേഷി കണക്കാക്കുന്നതിനായി ദേശീയതലത്തിൽ പ്രഗത്ഭ സ്ഥാപനങ്ങളുടെ സഹായത്തോടെ ശാസ്ത്രീയ പഠനം നടത്തും. ആയതിലേക്കായി ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ടിട്ടുണ്ട്.

**(സി)** മനുഷ്യ- വന്യജീവി സംഘർഷം പരിഹരിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ മുന്നറിയിപ്പ് സംവിധാനങ്ങളും അടിയന്തിരമായി സഹായം ആവശ്യപ്പെടുന്നതിനുള്ള സൗകര്യങ്ങളും ഒരുക്കുമോ; ഇതിനായി സാങ്കേതിക വിദഗ്ധരുടെയും പരിസ്ഥിതി പ്രവർത്തകരുടെയും

തദ്ദേശവാസികളുടെയും സേവനം ഉപയോഗപ്പെടുത്താനുള്ള സാധ്യതകൾ പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വന്യജീവി സാന്നിദ്ധ്യം സംബന്ധിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി ഡ്രോൺ സ്ക്വാഡുകൾ രൂപീകരിക്കുന്നതിനും അതിലൂടെ മനുഷ്യ-വന്യ ജീവി സംഘർഷം ലഘൂകരിക്കുന്നതിനുമുള്ള നടപടികൾ പരിഗണനയിലുണ്ട്.

**സെക്ഷൻ ഓഫീസർ**